www.gospelinmalayalam.com

# CHAPTER - 3

## EXHORTATION FOR LIVING THE CHRISTIAN LIFE 3: 1- 21

**(A)** Beliverse are to have no confidence in the flesh (3: 1- 14)

**Phili 3: 1** *"ഒടുവിൽ എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ. അതേ കാര്യം നിങ്ങൾക്കു പിന്നെയും എഴുതുന്നതിൽ എനിക്കു മടുപ്പില്ല".*

'ഒടുവിൽ'? **(a)** He is going to conclude the letter.

**(b)** He is going to introduce a new subject.

Phili 4: 8 -ൽ ഇതു തന്നെ repeat ചെയ്യുന്നുണ്ട്. വിശ്വാസികൾ കർത്താവിൽ സന്തോഷിക്കുന്നവർ ആകണം. Rejoice in the Lord.

**Phili 1: 18** *"നാട്യമായിട്ടോ പരമാർത്ഥമായിട്ടോ ഏതു വിധമായാലും ക്രിസ്തുവിനെ അല്ലോ പ്രസംഗിക്കുന്നതു. ഇതിൽ ഞാൻ സന്തോഷിക്കുന്നു. ഇനിയും സന്തോഷിക്കും".*

ഞാൻ സന്തോഷിക്കുന്നു. ഇനിയും സന്തോഷിക്കും.

**Phili 2: 17- 18** *"എന്നാൽ നിങ്ങളുടെ വിശ്വാസം എന്ന യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴിക്കേണ്ടിവന്നാലും ഞാൻ സന്തോഷിക്കും; നിങ്ങളോടു എല്ലാവരോടും കൂടെ സന്തോഷിക്കും".*

**Phili 3: 1** *"ഒടുവിൽ എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ. അതേ കാര്യം നിങ്ങൾക്കു പിന്നെയും എഴുതുന്നതിൽ എനിക്കു മടുപ്പില്ല അതു നിങ്ങൾക്കു ഉറപ്പുമാകുന്നു".*

**Phili 4: 4** *"കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു".*

**Phili 4: 10** *"നിങ്ങൾ പിന്നെയും എനിക്കു വേണ്ടി വിചാരിപ്പാൻ തുടങ്ങിയതിനാൽ ഞാൻ കർത്താവിൽ വീണ്ടു സന്തോഷിച്ചു; മുമ്പെ തന്നെ നിങ്ങൾക്കു വിചാരമുണ്ടായിരുന്നു. എങ്കിലും അവസരം കിട്ടിയില്ല".*

വി. പൗലൂസ് വീണ്ടും വീണ്ടും ആവർത്തിച്ച് ഇതു പറയുമ്പോൾ, എത്രമാത്രം "Rejoicing" ഫിലിപ്പ്യയിലെ വിശ്വാസികൾക്കു ഉണ്ടാകണം എന്ന് അപ്പോസ്തോലൻ ആഗ്രഹിക്കുന്നു. എന്നാൽ ഫിലിപ്പ്യർക്കു മാത്രമല്ല എല്ലാ ക്രിസ്തീയ വിശ്വാസിക്കും ആവശ്യമായിരിക്കുന്നത് ഇതു തന്നെ. Rejoice സാഹചര്യങ്ങൾ പലപ്പോഴും തന്നെ നിരാശ്ശയിലേക്കും depression ലേക്കും തള്ളിവിടാൻ ശ്രമിക്കും. സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ മാത്രം സന്തോഷിക്കാനല്ല. ഏതു സാഹചര്യവുമാകട്ടെ ക്രിസ്തുയേശുവിൽ കണ്ണുകളെ ഉറപ്പിക്കുക. സന്തോഷിക്കുക. Rejoice in the Lord. ഇവിടെ ഇതാ തടവിൽ ആക്കപ്പെട്ട പൗലൂസ് - റോമാക്കാർ തടവിലാക്കിയ വ്യക്തി - സ്വതന്ത്രരായി പാർക്കുന്ന ഫിലിപ്പ്യരെ പ്രബോധിപ്പിക്കുന്നു - സന്തോഷിക്കുക - Rejoice. ഇതു വേണ്ടതു തിരിച്ചാണ്. ഫിലിപ്പ്യ വിശ്വാസികൾ പൗലൂസിനെഴുതേണ്ട കത്തായിരിക്കണം ഇത്.

Paul learned this secret. To rejoice even when circumstances are not conducive സാഹചര്യം അനുകൂലമല്ലെങ്കിലും കർത്താവിൽ സന്തോഷിക്കാം. സന്തോഷിക്കണം. ഓരോ ക്രിസ്തീയ വിശ്വാസിയും അറിഞ്ഞിരിക്കേണ്ട Secret തന്നെയാണിത്.

പൗലൂസ് പറയുന്നു, വീണ്ടും വീണ്ടും എഴുതുന്നതിൽ എനിക്കു മടുപ്പില്ല. ഫിലിപ്പ്യ വിശ്വാസികളുടെ മാത്രമല്ല, ക്രിസ്തീയ സഭയുടെ ആത്മീക ജീവിതത്തിന്റെ വളർച്ചയ്ക്കായി കാതലായ മർമ്മങ്ങളെ വീണ്ടും വീണ്ടും പ്രസ്താവിക്കുന്നതിൽ പൗലൂസ് സന്തോഷം കണ്ടെത്തുകയത്രെ.

### The Example to be Avoided Phili 3: 2- 3

യെഹൂദാ പാരമ്പര്യങ്ങളിലേക്ക് ക്രിസ്തീയ വിശ്വാസികളെ വലിച്ചു കൊണ്ടു പോകാനുള്ള ശ്രമം വർദ്ധിച്ചു വന്നു; Judaizers എന്ന് അവരെ പറയും.

fleettech@gmail.com

വിശ്വാസത്താലാണു salvation എങ്കിലും ന്യായപ്രമാണത്തിലെ പ്രവൃത്തികൾ കൂടി വേണം. Curcumcission വേണം. ഇത്തരം പ്രചാരം നടത്തുന്നവർ ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തീയ സഭയിൽ പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടേയിരുന്നു. പൗലൂസ് സുവിശേഷം അറിയിച്ച സ്ഥലങ്ങളിൽ പൗലൂസിന്റെ പിന്നാലെ അവരും സഞ്ചരിക്കാൻ തുടങ്ങി. പൗലൂസ് അവരെ "കള്ള അപ്പോസ്തോലർ - കപട വേലക്കാർ" എന്നാണു വിളിച്ചത്.

**2 Cori 11: 13** *"ഇങ്ങനെയുള്ളവർ കള്ളയപ്പോസ്തോലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ; അതു ആശ്ചര്യവുമല്ല".*

**Phili 3: 2** *"നായ്ക്കളെ സൂക്ഷിപ്പിൻ; ആകാത്ത വേലക്കാരെ സൂക്ഷിപ്പിൻ; വിച്ഛേദനക്കാരെ സൂക്ഷിപ്പിൻ".*

ഇവിടെ പൗലൂസ് അവരെ വിളിക്കുന്ന "നായ്ക്കൾ" Dogs. ആകാത്ത വേലക്കാർ Men who do evil വിച്ഛേദനക്കാർ Mutilators of the flesh. ഇവരുടെ പ്രവർത്തനം അപകടകരമായി പൗലൂസ് കണ്ടു. Beware of them. പൗലൂസ് മുന്നറിയിപ്പു കൊടുത്തു.

നായ്ക്കൾ- യഹൂദൻ ജാതിയെ വിളിച്ചിരുന്ന പേരായിരുന്നു ഇത്. പൗലൂസ് ഈ കൂട്ടരെ നായ്ക്കൾ എന്നു വിളിച്ചു. അവർ സുവിശേഷത്തെ വിച്ഛേദനം നടത്തുന്നു. They mutilated the Gospel by insisting on the need to mutilate the flesh in order to be rightly related to God.

ദൈവത്തോടടുക്കുവാൻ പരിച്ഛേദന ആവശ്യമാണെന്നവർ പ്രചരിക്കാനിറങ്ങിയിരിക്കുകയാണ്. അതിനെ വി. പൗലൂസ് ദുഷ്ടതയായി കണ്ടു.

**Phili 3: 3** *നാമല്ലോ പരിച്ഛേദനക്കാർ; ദൈവത്തിന്റെ ആത്മാവുകൊണ്ടു ആരാധിക്കയും ക്രിസ്തുയേശുവിൽ പ്രശംസിക്കയും ജഡത്തിൽ ആശ്രയിക്കാതിരിക്കയും ചെയ്യുന്ന നാം തന്നേ.*

പഴയനിയമത്തിൽ നടത്തി വന്ന circumcision കേവലം ഒരു physical rite മാത്രമായിരുന്നില്ല. അതിലൂടെ ആ വ്യക്തി ആത്മികമായി ഒരു പുതുക്കമുള്ള അനുഭവം ഉൾക്കൊള്ളാനായി വിളിക്കപ്പെട്ടിരിക്കുന്നു.

**Deut 30: 6** *നീ ജീവിച്ചിരിക്കേണ്ടതിന് നിന്റെ ദൈവമായ യഹോവയെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിപ്പാൻ തക്കവണ്ണം നിന്റെ ദൈവമായ യഹോവ നിന്റെ ഹൃദയവും നിന്റെ സന്തതിയുടെ ഹൃദയവും പരിച്ഛേദന ചെയ്യും.*

അപ്പോൾ ശരീരത്തിന്റെ പരിച്ഛേദന മാത്രമല്ല ഹൃദയത്തിന്റെ പരിച്ഛേദന അഥവാ ദൈവത്തെ സ്നേഹിപ്പാൻ തക്കവണ്ണം മനസ്സിന്റെ രൂപാന്തരവും അതിൽ അടങ്ങിയിരിക്കുന്നു.

There was a spiritual meaning to the act of circumcision.

വി. പൗലൂസ് പറയുകയാണ്: നാമത്രെ പരിച്ഛേദനക്കാർ. കാരണം ദൈവം ആഗ്രഹിച്ച മനസ്സിന്റെ രൂപാന്തരം നടക്കുന്നത് വിശ്വാസികളിലത്രെ. വിശ്വാസികൾ ജഡത്തിലല്ല ആശ്രയിക്കുന്നത്. നാം ദൈവത്തെ ആത്മാവിൽ ആരാധിക്കുന്നു. ജഡത്തിൽ നാം പ്രശംസിക്കുന്നില്ല.

യഹൂദാ പാരമ്പര്യ വാദികൾ ജഡത്തിൽ എന്തെല്ലാമൊക്കെയോ നടന്ന, അഥവാ നേടി എന്നൊക്കെ പ്രശംസിക്കുന്ന സ്ഥാനത്ത് നാം ഒരു പൈതലായിത്തീരുവാൻ കാരണമായ യേശുക്രിസ്തുവിൽ പ്രശംസിക്കുന്നു. We glory in the spiritual progress. ജഡത്തിലുള്ള പരിശോധനയിലല്ല ജീവിതത്തിൽ നടന്ന രൂപാന്തരത്തിൽ നാം പ്രശംസിക്കുന്നു.

## <u>EXAMPLE TO BE FOLLOWED</u> 3: 4- 14

ഇവിടെ വി. പൗലൂസ് തന്റെ ആത്മകഥ പറയുകയാണ്. താൻ എങ്ങനെ കർത്താവിങ്കലേക്കു വന്നു. തന്റെ CRISIS Conversion ന്റെ അനുഭവം വിവരിക്കയാണ്.

**Phil 3: 4- 6** *"പക്ഷേ എനിക്കു ജഡത്തിലും ആശ്രയിപ്പാൻ വകയുണ്ട്; മറ്റാർക്കാനും ജഡത്തിൽ*

www.gospelinmalayalam.com
fleettech@gmail.com

www.gospelinmalayalam.com

*ആശ്രയിക്കാം എന്നു തോന്നിയാൽ എനിക്കു അധികം; എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ; യിസ്രായേൽ ജാതിക്കാരൻ; ബെന്യാമീൻ ഗോത്രക്കാരൻ; എബ്രായരിൽ നിന്നു ജനിച്ച എബ്രായൻ; ന്യായപ്രമാണം സംബന്ധിച്ചു പരീശൻ; ശുഷ്കാന്തി സംബന്ധിച്ചു സഭയെ ഉപദ്രവിച്ചവൻ; ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ചു അനിന്ദ്യൻ".*

ജഡത്തിൽ ആർക്കെങ്കിലും പ്രശംസിക്കാം എന്നു തോന്നുന്നുവെങ്കിൽ, Paul ന് ഏറ്റവും അധികം പ്രശംസിക്കാൻ വകയുണ്ടായിരുന്നു. എന്നാൽ വി. പൗലൂസ് തന്റെ മാനസാന്തരത്തിന് ശേഷം ആ പ്രശംസാർഹവിഷയങ്ങളെ എല്ലാം ചപ്പും ചവറും എന്നു കണ്ടു. അവയൊക്കെ രക്ഷിക്കപ്പെടാത്ത ഒരു വ്യക്തിക്കു പ്രശംസാർഹമെന്നു തോന്നുന്ന സംഗതികൾ ആയിരുന്നു. എന്തൊക്കെയായിരുന്നു അവ.

യഹൂദാ പാരമ്പര്യ വാദികൾക്കു claim ചെയ്യാവുന്ന കാര്യങ്ങളെക്കാൾ അവ അധികമായിരുന്നു. 7 വിഷയങ്ങൾ വി. പൗലൂസ് വിവരിക്കുന്നുണ്ട്.

**Phili 3: 5- 6** *"യിസ്രായേൽ ജാതിക്കാരൻ; ബെന്യാമീൻ ഗോത്രക്കാരൻ; എബ്രായരിൽ നിന്നു ജനിച്ച എബ്രായൻ; ന്യായപ്രമാണം സംബന്ധിച്ചു പരീശൻ; ശുഷ്കാന്തി സംബന്ധിച്ചു സഭയെ ഉപദ്രവിച്ചവൻ; ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ചു അനിന്ദ്യൻ".*

Phili 3: 5- 6 വരെ നാം അതു കാണുന്നു. അതിൽ പലതും By birth ലഭിച്ചത്. ചിലത് by choice - താൻ തന്നെ തിരഞ്ഞെടുത്തത്.

**1.** circumcission 8 - ാം നാളിൽ. ഇതു യഹൂദാ മര്യാദ.

**Luke 2: 41** *"അവന്റെ അമ്മയപ്പന്മാർ ആണ്ടുതോറും പെസഹപെരുന്നാളിനു യെരുശലേമിലേക്കു പോകും".*

[Ishmael - after 13 yr they get cirumcized like Ishmael]

**Gene 17: 25- 26** *"അവന്റെ മകനായ യിശ്മായേൽ പരിച്ഛേദനയേറ്റപ്പോൾ അവനു പതിമൂന്നു വയസായിരുന്നു".*

[Proselyte - later in life]

**2.** People of Israel - യിസ്രായേൽ ജാതിക്കാരൻ - Parants were both Jews - Paul could trace his family lineage all the way back to Abraham

**2 Cor 11: 22** *അവർ എബ്രായരോ? ഞാനും അതേ; അവർ യിസ്രായേല്യരോ? ഞാനും അതേ; അവർ അബ്രാഹാമിന്റെ സന്തതിയോ? ഞാനും അതേ;*

Covenant people.

**3.** Benjanite - First king of Israel came from Benjanite - Saul.

**1Samuel 9: 1- 2** *ബെന്യാമീൻ ഗോത്രത്തിൽ കീശ് എന്നു പേരുള്ള ഒരു ധനികൻ ഉണ്ടായിരുന്നു; അവൻ ബെന്യാമീന്യനായ അഫീഹിന്റെ മകനായ ബെഖോറത്തിന്റെ മകനായ സെരോറിന്റെ മകനായ അബീയേലിന്റെ മകൻ ആയിരുന്നു. അവന്നു ശൗൽ എന്ന പേരോടെ യൗവനവും കോമളത്വവുമുള്ള ഒരു മകൻ ഉണ്ടായിരുന്നു; യിസ്രായേൽമക്കളിൽ അവനെക്കാൾ കോമളനായ പുരുഷൻ ഇല്ലായിരുന്നു; അവൻ എല്ലാവരെക്കാളും തോൾമുതൽ പൊക്കമേറിയവൻ ആയിരുന്നു.*

ബഞ്ചമിൻ ഗോത്രം യിസ്രായേൽ ജാതിയിൽ വളരെ Prominent ആയി നിലകൊണ്ടു.

**4.** **Hebrew** - Native tongue was Hebrew എബ്രായ ഭാഷ സംസാരിക്കുന്ന ഭവനത്തിൽ ജനിച്ചു. അതേ സമയം Greek ഭാഷയിലും വി. പൗലൂസ് പ്രാവീണ്യം നേടി. അന്നു Hebrew അറിയാത്ത Jews ധാരാളം ഉണ്ടായിരുന്നു. Greek മാത്രമേ പലർക്കും അറിയാമായിരുന്നുള്ളൂ.

**5.** പരീശൻ strictest sect in Jew. Law of Moses and Law of Parisee.

**6.** Zealous Jew - സഭയെ ഉപദ്രവിച്ചവൻ. ശുഷ്കാന്തി നിമിത്തം സഭയെ ഉപദ്രവിച്ചു. താൻ വിശ്വസിച്ചു വന്ന തത്വങ്ങൾക്കു വിരുദ്ധമായി തോന്നി ദൈവസഭ.

fleettech@gmail.com

www.gospelinmalayalam.com

**Act 9: 1- 2** *“ശൗൽ കർത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീഷണിയും കുലയും നിശ്വസിച്ചുകൊണ്ടു മഹാപുരോഹിതന്റെ അടുക്കൽ ചെന്നു, ദമസ്കൊസിൽ ഈ മാർഗ്ഗക്കാരായ വല്ല പുരുഷന്മാരെയോ സ്ത്രീകളെയോ കണ്ടാൽ അവരെ പിടിച്ചുകെട്ടി യെരുശലേമിലേക്കു കൊണ്ടുവരുവാൻ തക്കവണ്ണം അവിടത്തെ പള്ളികൾക്കു അവനോടു അധികാരപത്രം വാങ്ങി”.*

**7.** ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് അനിന്ദ്യൻ Leagalistic righteous സ്വന്തകണ്ണിൽ നീതിയുള്ളവൻ. In his own eye he was faultess.

**Phili 3: 7** *“എങ്കിലും എനിക്കു ലാഭമായത് ഒക്കെയും ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു”.*

എന്നാൽ ഈ credentials ഒന്നും തന്നെ ലാഭമായി എണ്ണിയില്ല. He considered it "Loss" for the sake of Christ.

**Phili 3: 8** *“അത്രയുമല്ല, എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നെണ്ണുന്നു”.*

അതു മാത്രമല്ല, ഈ പറഞ്ഞ തന്റെ credentials മാത്രമല്ല, "everything" എല്ലാം എല്ലാം തന്നെ വിലയില്ലാത്തതും, നിർജ്ജീവവുമായി എണ്ണുന്നു. ഏതുമായി compare ചെയ്യുമ്പോൾ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം വേറെ ഒന്നും തന്നെ വിലയുള്ളതായി Paul കണ്ടില്ല. കർത്താവായ യേശുക്രിസ്തുവിനെ Lord ആയി കർത്താവായി, കണ്ടപ്പോൾ മറ്റുള്ള യാതൊരു Position നും വിലയുള്ളതായി തനിക്കു കാണാൻ കഴിഞ്ഞില്ല.

**Phili 3: 9** *“ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്കു നല്കുന്ന നീതി തന്നേ ലഭിച്ചു അവനിൽ...”.*

ക്രിസ്തുവിനെ നേടേണ്ടതിന് gain Christ - Christ is in the beliver and the beliver is in Christ. പൗലൂസ് ഇതു പ്രായോഗികമായി തന്റെ ജീവിതത്തിൽ തിളങ്ങി നിൽപ്പാൻ ആഗ്രഹിച്ചു.

അതു ന്യായപ്രമാണത്തിന്റെ പ്രവൃത്തികളിലൂടെയല്ല, rites ൽ കൂടിയല്ല, ന്യായപ്രമാണത്തിലെ നീതിയല്ല, അങ്ങനെ യഹൂദൻ ചിന്തിച്ചിരുന്നു. ന്യായപ്രമാണം ആചരിക്കുന്നതിലൂടെ ദൈവനീതിയ്ക്കു യോഗ്യത നേടുന്നു എന്ന്. എന്നാൽ അത്തരം ചിന്തകൾക്കു യെശയ്യാപ്രവചനം മറുപടി തരുന്നു.

**Isa 64: 6** *ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയ്തീർന്നു; ഞങ്ങളുടെ നീതിപ്രവർ!ത്തികൾ ഒക്കെയും കറപിരണ്ട തുണിപോലെ; ഞങ്ങൾ എല്ലാവരും ഇലപോലെ വാടിപ്പോകുന്നു; ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളെ കാറ്റുപോലെ പറപ്പിച്ചുകളയുന്നു.*

ന്യായപ്രമാണത്തിലൂടെ നീതി നേടുവാൻ ആഗ്രഹിച്ച യിസ്രായേൽ ജനം മനസ്സിലാക്കി ഞങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കെയും കറ പുരണ്ട വസ്ത്രം പോലെയത്രെ എന്ന്. ഈ നീതി അന്വേഷണം കർത്താവിനെ മനസ്സിലാക്കിയ നാൾ തന്നെ വി. പൗലൂസ് ഉപേക്ഷിച്ചു.

നമ്മുടെ രക്ഷയ്ക്കുള്ള നീതി, കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വരുന്നു. ദൈവം നമ്മെ നീതീകരിക്കുന്ന ഒരേ ഒരു മാർഗ്ഗമേയുള്ളൂ, തന്റെ പുത്രന്റെ യാഗത്തിലുള്ള വിശ്വാസം മൂലം മാത്രം.

വിശ്വസിക്കുന്ന ഒരു പാപി, ഹൃദയം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനായി തുറന്നു കൊടുക്കുമ്പോൾ, സ്വർഗ്ഗത്തിലെ ദൈവം, നീതിയുടെ വസ്ത്രം നമ്മുടെ മേൽ വിരിക്കുന്നു.

**Rom 3: 24- 26** *അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൌജന്യമായത്രേ നീതീകരിക്കപ്പെടുന്നതു. വിശ്വസിക്കുന്നവർക്കും അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം*

fleettech@gmail.com

*തന്റെ പൊറുമയിൽ മുൻ കഴിഞ്ഞപാപങ്ങളെ ശിക്ഷിക്കാതെ വിടുകനിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ, താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന്നു ഇക്കാലത്തു തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നേ അങ്ങനെ ചെയ്തതു.*

ഈ സ്ഥിതിയിൽ നാം സ്വീകരിക്കപ്പെടുന്നു.

**Eph 1: 6** *അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചെക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ.*

വിശ്വസിക്കുന്ന പാപി ക്രിസ്തുവിൽ പൂർണ്ണനായി നിർത്തപ്പെടുന്നു.

**Phili 3: 10- 11** *അവനിൽ ഇരിക്കേണ്ടതിന്നും അവന്റെ മരണത്തോടു അനുരൂപപ്പെട്ടിട്ടു അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിന്നും ഇങ്ങനെ വല്ലവിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നു വെച്ചും ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറു എന്നു എണ്ണുന്നു.*

വി. പൗലൂസിന്റെ ഹൃദയത്തിലെ ആഗ്രഹം. ഒരു സാക്ഷ്യം പ്രസ്താവിക്കും പോലെ പറയുന്നു. പൗലൂസിനു കർത്താവിനെ അറിയാം. He knew Christ as his saviour. എന്നാൽ രക്ഷിതാവ് എന്ന നിലയിൽ നിന്നും കർത്താവിന്റെ 'Lord' ആയി "Lord of his life" ആയി അനുഭവിച്ചറിയുവാനായി വാഞ്ചിക്കുകയാണ്.

To the surpassing greatness of knowing Christ. അതെന്തൊക്കെയാണ് ചുരുക്കത്തിൽ.

## (1) <u>To Experience the power of His resurrections</u>

യേശുവിനെ മരിച്ചവരിൽ നിന്നും ഉയർപ്പിച്ച ശക്തി. ഈ Power അത്രെ വിശ്വാസിക ളിൽ വ്യാപരിക്കുന്ന ശക്തി.

**Colo 3: 1** *"ആകയാൽ നിങ്ങൾ ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേ ഷിപ്പിൻ".*

**Acts 1: 8** *"എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു".*

**Rom 1: 6** *"ഞങ്ങൾ അവന്റെ നാമത്തിനായി സകല ജാതികളുടെയും ഇടയിൽ വിശ്വാസത്തിനു അനുസരണം വരുത്തേണ്ടതിനു കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചതു".*

Ability to overcome resistance. വിശുദ്ധ പൗലൂസ് തന്റെ ജീവിതത്തിന്റെ ലക്ഷ്യം വിവ രിക്കുമ്പോൾ, ഫിലിപ്പ്യ വിശ്വാസികളുടെ മുമ്പിലും ഇന്ന് ഇതു പഠിക്കുന്ന നമ്മുടെ മുമ്പിലും ഒരു example കാണിക്കയാണ്. What is our aim in life. What is our target of spiritual progress.

യഹൂദാ പാരമ്പര്യത്തിന്റെ bond ലേക്കു പോകാനായി പ്രേരിപ്പിക്കുന്ന യഹൂദാ പാരമ്പ ര്യവാദികളുടെ Aspiration മായി താരതമ്യം ചെയ്യുമ്പോൾ നാം എവിടെ നിൽക്കുന്നു. തമ്മിലുള്ള അന്തരം എത്രയോ വലുത്.

## (2) <u>To share in the Fellowship of Christ's sufferings :</u> (ക്രിസ്തുവിന്റെ കഷ്ഠാനുഭവങ്ങളുടെ കൂട്ടായ്മയെ അനുഭവിച്ച് അറിയുക)

ക്രിസ്തു ക്രൂശിൽ മരണം വരിച്ചു. ആ suffering ആർക്കും തന്നെ share ചെയ്യാൻ കഴി യില്ല. എന്നാൽ ക്രിസ്തു എന്തിനു വേണ്ടി മരിച്ചു. ആ reason - പാപികളുടെ മാനസാ ന്തരം - അതിനു വേണ്ടി കഷ്ടം സഹിപ്പാൻ നമുക്കു വരം നൽകപ്പെട്ടിരിക്കുന്നു.

That way we can participate in Christ's suffering. That is real fellowship of Christ's suffering.

www.gospelinmalayalam.com
fleettech@gmail.com

www.gospelinmalayalam.com

**Phil 1: 29** *"അതു ദൈവം തന്നെ വച്ചതാകുന്നു ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവന്നു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു".*

ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, അവനു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു.

**Acts 9: 16** *"എന്റെ നാമത്തിനു വേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും എന്നു പറഞ്ഞു".*

അനന്യാസ് – എന്റെ നാമത്തിനു വേണ്ടി അവൻ എന്നേക്കും കഷ്ടം അനുഭവിക്കേണ്ട താകുന്നു എന്ന് അവനെ കാണിക്കും.

**Rom 8: 36** *നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു. അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു.*

**2Cori 4: 10** *യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന് യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു.*

**(3) അവനോട് അനുരൂപപ്പെടുക Like Him in His death Phil 3: 10**

Being conformed inwardly in one's experience to something

**Phil 3: 21** *"അവൻ സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും".*

അവന്റെ മരണത്തോട് അനുരൂപപ്പെടുക. Christ died for sin - so a believer has died to sin.

**Rom 6: 2** *"പാപ സംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ?".*

**Rom 6: 7** *"അങ്ങനെ മരിച്ചവൻ പാപത്തിൽനിന്നു മോചനം പ്രാപിച്ചിരിക്കുന്നു".*

**Colo 3: 3** *"നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു".*

നാം പാപത്തിനു മരിച്ചു എങ്കിൽ നമ്മുടെ പ്രവൃത്തിയിൽ, നമ്മുടെ ജീവിതത്തിൽ അതു കാണണം.

**Rom 6: 1- 4** *ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരുനാളും അരുതു. പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ? അല്ല, യേശു ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്നു സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ.*

**Rom 6: 11- 14** *അവ്വണ്ണം നിങ്ങളും പാപ സംബന്ധമായി മരിച്ചവർ എന്നു ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ . ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുതു, നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന്നു സമർപ്പിക്കയും അരുതു. നിങ്ങളെത്തന്നേ മരിച്ചിട്ടു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന്നു സമർപ്പിച്ചുകൊൾവിൻ. നിങ്ങൾ ന്യായപ്രമാണത്തിന്നല്ല, കൃപെക്കത്രെ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ.*

ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിൻ ശക്തിയിൽ നാം ജീവിക്കണം.

**Rom 6: 4** *"അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടു*

fleettech@gmail.com

www.gospelinmalayalam.com

*കൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമു ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ".*

(4) **മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുദ്ധാരണം പ്രാപിക്കുക**

Rapture നമ്മുടെ ഓരോരുത്തരുടെയും ജീവിത ലക്ഷ്യം ഇതത്രേ. കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു. ഈ പ്രത്യാശയിലാണ് സഭ കഴിഞ്ഞ 2000 വർഷങ്ങളും കടന്നു പോയത്. ഇന്നും നമ്മുടെ പ്രത്യാശ അതു തന്നെ. Our redemption is nearing.

**Phili 3: 12- 14** *ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തു യേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു എനിക്കും അതു പിടിക്കാമോ എന്നുവെച്ചു പിന്തുടരുന്നതേയുള്ളു. സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞുംകൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്കു ഓടുന്നു.*

ആത്മിക വർദ്ധന എന്നത് അത്രയും ഉന്നതമായ ഒരു Target ആണ്. ഇത്രമാത്രം കർത്താവിന്റെ വേലയിൽ അധ്വാനിച്ച വി. പൗലൂസ് താൻ രക്ഷിക്കപ്പെട്ട നാൾ തുടങ്ങി ഏതാണ്ട് 30 വർഷത്തെ വിശ്രമം ഇല്ലാത്ത വേല ചെയ്തിട്ടും പറയുകയാണ്

**Phili 3: 12** ലഭിച്ചു കഴിഞ്ഞു. -ഇതു ഫിലിപ്പ്യയിലെ വിശ്വാസികളെപ്പോലെ തന്നെ നമുക്കും ഉള്ള ദൂതാണ്. -ഇന്നു നാം ഓരോരുത്തർക്കും എത്തി നിൽക്കുന്ന ഇടത്തു നിന്നും വളരെയധികം വളർച്ച നേടുവാനുണ്ട്.

We must grow in spiritual attainments constantly. There is no target we can reach before we finish our life.

Lord wants us to fly higher and higher.

വി. പൗലൂസ് ഒരു ഓട്ടക്കാരനെപ്പോലെ ശുഷ്കാന്തിയോടെ ഓടിക്കൊണ്ടേയിരുന്നു. Ultimate conformity to Christ. ക്രിസ്തുയേശുവിനെപ്പോലെയായിത്തീരുക. അതായിരുന്നു വി. പൗലൂസ് Target ആയിക്കണ്ടത്.

തന്നെ വിളിച്ച വിളി ആ ലക്ഷ്യത്തിലേക്കുള്ളതായിരുന്നു. അതു attian ചെയ്തില്ല. എന്നാൽ attian ചെയ്യാനുള്ള ഓട്ടം തുടർന്നു കൊണ്ടേയിരിക്കുന്നു.

**Phili 3:13** പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല.

**Phili 3:14** ഒന്നു ഞാൻ ചെയ്യുന്നു.......

ഗ്രീസിലെ Athletes നെയത്രെ വി. പൗലൂസ് compare ചെയ്യുന്നത്. ഓട്ടം ഒക്കെ കഴിഞ്ഞ് ഒന്നാം സ്ഥാനത്ത് എത്തുന്നയാളിനു prize കൊടുക്കുന്നത് judge അത്രെ. Judge ഇരിക്കുന്ന സ്ഥലത്തേയ്ക്ക് അവർ തങ്ങളുടെ Prize നായി കടന്നു ചെല്ലണം. വി. പൗലൂസ് ക്രിസ്തുവിന്റെ ന്യായാസനത്തിൽ നമുക്ക് ലഭിപ്പാൻ പോകുന്ന Prize നെ മുമ്പിൽ കാണുന്നു.

**2Cor 5: 10** *"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു".*

**BELIEVERS ARE TO HAVE A WALK THAT PLEASES GOD 3: 15- 21**

(1) A walk of Maturity (3: 15- 16)

**Phili 3: 15** *നമ്മിൽ തികഞ്ഞവർ ഒക്കെയും ഇങ്ങനെ തന്നേ ചിന്തിച്ചുകൊൾക; വല്ലതിലും നിങ്ങൾ വേറെവിധമായി ചിന്തിച്ചാൽ ദൈവം അതുവും നിങ്ങൾക്കു വെളിപ്പെടുത്തിത്തരും.*

ആത്മികമായി ഉയർന്ന ശ്രേണിയിൽ അഥവാ ആ പക്വതയിൽ എത്തിയാൽ ഒക്കെ ചിന്തിക്കേണ്ടത് (12-14) വരെയുള്ള വാക്യങ്ങളിൽ വി. പൗലൂസ് വിവരിച്ചു.

ലക്ഷ്യത്തിലേക്ക്, ലാക്കിലേക്ക്, പരമവിളിയുടെ ലാക്കിലേക്ക് ഓടുന്നു. ലഭിച്ചു കഴിഞ്ഞു

fleettech@gmail.com

www.gospelinmalayalam.com

എന്നല്ല.... ഇനി ഇപ്രകാരമല്ല- മറുവിധത്തിൽ ചിന്തിക്കുന്നവരുണ്ടെങ്കിൽ, ദൈവം തന്നെ ത്താൻ വെളിപ്പെടുത്തി കൊടുക്കട്ടെയെന്ന് വി. പൗലൂസ് ആഗ്രഹിക്കുന്നു.

**Phili 3: 16** *എന്നാൽ നാം പ്രാപിച്ചിരിക്കുന്ന പരിജ്ഞാനം തന്നേ അനുസരിച്ചു നടക്കുക.*

എന്നാൽ വളരെ പ്രധാനമായി പറയാനുള്ളത്: പ്രാപിച്ചിരിക്കുന്ന പരിജ്ഞാനം അനുസരിച്ചു നടക്കുക.

ലോകത്തിൽ majority christians ഉം ലഭിച്ച പരിജ്ഞാനത്തിനനുസരിച്ചല്ല നടക്കുന്നത്. They live far below their exalted position in Christ.

നാം നീതീകരിക്കപ്പെട്ടവർ- എങ്കിൽ walk like that.

നാം വിശുദ്ധീകരിക്കപ്പെട്ടവർ- എങ്കിൽ walk righteously. Live a holy life. ക്രിസ്തുവിൽ നമുക്കു ലഭിച്ചിരിക്കുന്ന പരിജ്ഞാനത്തിനും പദവിക്കും അനുസരിച്ചു നടക്കുക.

(2) A walk of watchfulness 3: 17- 19

**Phili 3: 17** *“സഹോദരന്മാരേ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ; ഞങ്ങൾ നിങ്ങൾക്കു കാണിച്ച മാതൃകപ്രകാരം നടക്കുന്നവരെയും കുറിക്കൊൾവിൻ”.*

വി. പൗലൂസ് sets an example. He always press towards the mark of Christ likeness. ക്രിസ്തുവിനോടു അനുരൂപപ്പെടുക എന്ന target ലേക്കു നിരന്തരം ഓടിക്കൊണ്ടിരിക്കുന്ന ഒരു വ്യക്തിയായിരുന്നു വി. പൗലൂസ്.

ഈ അനുഭവത്തെ അനുകരിക്കാനാണ് വി. പൗലൂസ് ആവശ്യപ്പെടുന്നത്. താൻ എത്തി. അഥവാ താൻ ലക്ഷ്യം കണ്ടു എന്നല്ല. Always pressing towards the mark.

ഈ കാര്യത്തിൽ തന്നെ മാത്രമല്ല തന്നെപ്പോലെതന്നെ ലക്ഷ്യത്തിലേക്കു ഓടികൊണ്ടിരിക്കുന്ന മറ്റുള്ള വിശുദ്ധ ദൈവമക്കളെയും അനുകരിക്കുക.

Relentlessly persuing after Christ likeness.

**Phili 3: 18- 19** *“ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതുപോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിനു ശത്രുക്കളായി നടക്കുന്നു എന്നു ഇപ്പോൾ കരഞ്ഞുംകൊണ്ടു പറയുന്നു. അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറു; ലജ്ജയാതിൽ അവർക്കു മാനം തോന്നുന്നു; അവർ ഭൂമിയിലുള്ളതു ചിന്തിക്കുന്നു”.*

ക്രിസ്തുവിന്റെ ക്രൂശ്- ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ പുണ്യാഹരക്തം വിശ്വാസത്താൽ നമ്മെ രക്ഷയിലേക്കു നടത്തുന്നു- സാത്താൻ ഈ രക്ഷയിൽ നിന്നും അനേകരെ അകറ്റി നിർത്താൻ ശ്രമം അന്നേ തുടങ്ങിയതാ- By false teaching.

സൗജന്യമായി വിശ്വാസത്താൽ സ്വന്തമാക്കാവുന്ന രക്ഷ. അതിനു പ്രവൃത്തി കാരണമല്ല. എന്നാൽ False teacher ഇതിനെ ചോദ്യം ചെയ്തു. മറ്റുപല human explanations ഉം രംഗത്തിറങ്ങി.

**1 John 4: 6** *“ഞങ്ങൾ ദൈവത്തിൽ നിന്നുള്ളവരാകുന്നു; ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നു. ദൈവത്തിൽ നിന്നല്ലാത്തവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നില്ല. സത്യത്തിന്റെ ആത്മാവു ഏതു എന്നും വഞ്ചനയുടെ ആത്മാവു ഏതു എന്നും നമുക്കു ഇതിനാൽ അറിയാം”.*

വഞ്ചനയുടെ ആത്മാവ് അന്നു തന്നെ പ്രവർത്തനം തുടങ്ങി. Spirit of error. The spirit of cheating.

ഈ വഞ്ചന പഠിപ്പിക്കുന്ന False teacher -നാശത്തിലേക്കു പോകുന്നു. They will eternaly be separated from God. അവർ ശിക്ഷ ഏൽക്ക തന്നെ ചെയ്യും.

അവരെപ്പറ്റി 3 കാര്യങ്ങൾ പറഞ്ഞിരിക്കുന്നു.

(1) അവരുടെ ദൈവം വയർ. Their God is stomach. അവർക്ക് ഒരേ ഒരു കാര്യമേ ലക്ഷ്യമായിട്ടുള്ളൂ. To satisfy physical needs, physical desires, unrestrained gluttony.

fleettech@gmail.com

www.gospelinmalayalam.com

**Rom 16: 18** *"അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയറ്റിനെ യത്രേ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയ ങ്ങളെ വഞ്ചിച്ചുകളകയും ചെയ്യുന്നു".*

(സാധുക്കളെ വഞ്ചിക്കുന്നവർ, ചക്കരവാക്ക്, മുഖസ്തുതി...)

**(2)** Their glory is in their shame. ലജ്ജയായതിൽ അവർക്കു മാനം തോന്നുന്നു. ദൈവ ത്തിനു മാനം കൊടുക്കേണ്ടതിനു പകരം അവർ സ്വയം പ്രശംസിക്കുന്നു.

ലജ്ജയായതു പ്രവൃത്തിച്ചിട്ട് അതിൽ അഭിമാനം കൊള്ളുന്നു.

ഇന്നത്തെ Media അതിന്റെ തെളിവത്രെ. ഈ കാലം എത്രമാത്രം അധഃപതിച്ചിരിക്കുന്നു.

**(3)** അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു. They think of things in this earth. Their mind is in our earthly things.

**Gala 4: 3** *"അതുപോലെ നാമും ശിശുക്കൾ ആയിരുന്നപ്പോൾ ലോകത്തിന്റെ ആദിപാഠങ്ങളിൽ കീഴ് അടിമപ്പെട്ടിരുന്നു".*

**Gala 4:9- 11** *ഇപ്പോഴോ ദൈവത്തെ അറിഞ്ഞും വിശേഷാൽ ദൈവം നിങ്ങളെ അറിഞ്ഞുമിരിക്കെ നിങ്ങൾ പിന്നെയും ബലഹീനവും ദരിദ്രവുമായ ആദിപാഠങ്ങളിലേക്കു തിരിഞ്ഞു അവെക്കു പുതുതായി അടിമപ്പെടുവാൻ ഇച്ഛിക്കുന്നതു എങ്ങനെ? നിങ്ങൾ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്കു വേണ്ടി അദ്ധ്വാനിച്ചതു വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു.*

**Colo 2: 21- 22** *"മാനുഷകല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി: പിടിക്കരുതു, രുചി ക്കരുതു, തൊടരുതു എന്നുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുന്നതു എന്ത്?*

**1.** **<u>A walk completed</u>**

Philippians was a colony. Their citizenship was Roman. അതുപോലെ വിശ്വാസികൾ ഈ ലോകത്തിൽ പാർക്കുന്നു. എന്നാൽ നമ്മുടെ പൗരത്വം സ്വർഗ്ഗത്തിൽ. നാം പ്രതി ഷ്ഠയോടെ കാത്തു കാത്തു പാർക്കുന്നു. നമ്മുടെ കർത്താവിന്റെ മടങ്ങി വരവ്.

At rapture = Transform - Change the out ward form. നമ്മുടെ താഴ്മയുള്ള ശരീരം- our lowly bodies → will be transformed → to his glorious body. ഓരോ ദൈവ പൈതലും ദൈവപുത്രന്മാരെപ്പോലെയാകും.

**1 John 3: 2** *"പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതു വരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശന്മാർ ആകും എന്നും നാം അറിയുന്നു".*

We all will receive glorified bodies like His. No diseases. No sin.

Resurrected bodies will be like Christ's and their sanctification will be complete.

fleettech@gmail.com